
## ചർച്ച

# എവിടെ നിന്ന് വരുന്നു
# എവിടെ എത്തിനിൽക്കുന്നു
# എവിടെ എത്തിച്ചേരും ?




തയ്യാറാക്കിയത്:
**മുനീർ.ടി.കെ,നജ്മ.**
രണ്ടാംവർഷ ഫിസിക്സ്


**കേരളയുവാക്കളുടെ ഭൂത-വർത്തമാന-ഭാവിയെക്കുറിച്ച് കാമ്പസിലെ ഏതാനും അധ്യാപകരും വിദ്യാർത്ഥികളുമായി ഞങ്ങൾ നടത്തിയ ചർച്ചയിൽ നിന്ന്...**

**എൻ.പി. ഹാഫിസ് മുഹമ്മദ്**

**ഞാനും** ഏട്ടനും തമ്മിലുള്ള കുട്ടിക്കാല കലഹങ്ങൾക്കൊടുവിൽ എന്നെ തളർത്തുക, എന്നെ പറയനിൽനിന്ന് നാല്സേർ അരിയും രണ്ട് തേങ്ങയും കൊടുത്ത് വാങ്ങിയതെന്ന് പറഞ്ഞാണ്. അന്നൊക്കെ ഞാൻ വിശ്വസിച്ചതും അങ്ങനെത്തന്നെ, പറയൻ എന്നെ ഇവിടെയെത്തിച്ചു. ചില പ്പോൾ, കരുതും: ഇങ്ങിനെ കുട്ടികളെയൊക്കെ പറയന്മാരോ യക്ഷികളോ ഓരോരോ വീട്ടിലെത്തിക്കുന്നുവെന്നാണ്. ഈ ലോകത്തേക്ക് നമ്മൾ കുട്ടി കളെ ഹോൾസെയിലായി എത്തിക്കുന്നത് ഇങ്ങിനെയൊക്കെ.

മതവും ശാസ്ത്രവും നമ്മുടെ വരവിനെകുറിച്ച് പറയുന്നതായി പിന്നീ ടുള്ള അറിവ്. ഇക്കാര്യത്തിൽ മതം പറയുന്നതിനെ സ്വീകരിക്കുകയും ശാസ്ത്രം പറയുന്നതിനെ ധിക്കരിക്കാതിരിക്കുകയും ചെയ്യുക എന്ന ഇരട്ട ത്താപ്പ് നയം പഠനകാലത്ത് സ്വീകരിച്ച് പോന്നു. നമ്മുടെയൊക്കെ വരവി നെകുറിച്ച് ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ കൽപനകൾ വെച്ച് പുലർത്തു ന്നതിൽ ഒരസ്വാഭാവികതയോ വങ്കത്തമോ തോന്നിയതുമില്ല. നാം ആദമിന്റെ സന്തതികൾ, വംശപരമ്പരകളിലെ ഒരു ചെറുകണ്ണികൾ. ഓ. കെ, വെരിഗു ഡ്. അണ്ഡവും ബീജവും ചേർന്ന് ഭ്രൂണമായി, കുഞ്ഞായി, കുട്ടിയായി, ഈ ഭൗതിക പ്രപഞ്ചത്തിൽ ഒരു ജീവിയായി ഈ ഞാൻ. വെരി വെരി ഗുഡ് താങ്ക്യൂ സയൻസ്. ഈ ഇരട്ടത്താപ്പു നയം നമ്മുടെയൊക്കെ ജീവിതശൈലി



## ചർച്ച

പുനർവായന

ദിവാകരൻ വിഷ്ണുമംഗലം

# ഇല്ലിറ്ററേറ്റ്

പാടവരമ്പു മറന്നു;
നാടൻപാത വെടിഞ്ഞു ഞാൻ
നഗരം തെന്നി മുറിഞ്ഞത്, നീറ്റും
പച്ചില നീര് തിരഞ്ഞു!
നിന്നുടെ വേദം, നിന്നുടെ രൂപം
നിന്നുടെ ചുവടുകൾ, നിന്നുടെ മുദ്രകൾ
ആടിയുലഞ്ഞു തളർന്നു വരുമ്പോൾ
എന്നുടെ നാടിൻ വഴി തിരയാനെൻ
പുഴയെവിടെ? എൻ മിഴിയെവിടെ?
എൻ നാടെവിടെ? ഈ ഞാനെവിടെ?

യെന്ന് ഇപ്പോൾ തിരിച്ചറിയാനാവുന്നു. വിശ്വാസികളും ഭൗതികവാദികളും ഈ അടവുനയം പിൻപറ്റുന്നു. ജീവശാസ്ത്ര സത്യങ്ങളിൽ വിശ്വസിക്കുന്ന മതവാദികളും, ദൈവം പടച്ചവരിൽ നമ്മൾ പെടുന്നുവെന്ന് കരുതുന്ന യുക്തിവാദികളും ഈ മനോഹര ഭൂമിയിലുണ്ട്, ഗുഡ്.

സമൂഹശാസ്ത്ര വായന എനിക്കേകുന്ന ഉത്തരം, നാം വരുന്നത് നമ്മിൽ നിന്നുതന്നെയാണ് എന്ന്. മറ്റുള്ളവരില്ലെങ്കിൽ ഞാനില്ല. എന്നെപ്പോലുള്ള കോടാനുകോടികളുടെ നിർമ്മിതി ചുറ്റുമുള്ളവരുടേതാണ്, ചുറ്റുപാടുകളുടേതാണ്. സമൂഹസൃഷ്ടിയാണ് ഞാൻ. സാമൂഹിക നിർമ്മിതിയിലാണ് എന്റെയും ലോകരുടെയും സ്വത്വബോധം. നമ്മൾ വരുന്നത് ഇന്നലെകളുടെ സമ്പന്നതയിൽ നിന്നാകുന്നത് അങ്ങിനെ. സമൂഹശാസ്ത്ര പഠനങ്ങൾ വ്യക്തമാക്കുന്നത് നമ്മൾ ചുറ്റുവട്ടങ്ങളുടെ സൃഷ്ടി എന്ന്. ഇത് ശരീരത്തെക്കുറിച്ചുള്ള നിഗമനമല്ല. മനുഷ്യർ മനുഷ്യരാകുന്നത് ശരീരം കൊണ്ടല്ല, അതിനപ്പുറമുള്ള സാമൂഹികതകൊണ്ടാണ്. ഈ സാമൂഹികതയാണ് മനുഷ്യരെ മറ്റുള്ള ജീവജാലങ്ങളിൽ നിന്ന് വേർപ്പെടുത്തുന്നത്, ഒരുപക്ഷെ മറ്റുജീവജാലങ്ങളുടെ മീതെ ആധിപത്യമുറപ്പിക്കാൻ വഴിയൊരുക്കുന്നതും നമ്മൾ സമൂഹത്തിൽ നിന്ന് വരുന്നുവെന്നർത്ഥം.

**നമ്മളെത്തിനിൽക്കുന്നതെവിടെ?**

ക്രിസ്ത്വാബ്ദം, ഹിജ്റവർഷം, ശകവർഷം എന്നിങ്ങനെ പലതരം കണക്കുകൾ വെച്ച് സമയം കുറിക്കാം. വർത്തമാന കാലത്തിന്റെ ഒരിടം, ഭാവികാലത്തോട് ഒഴുകിപോകുന്ന ഒരു പ്രവാഹത്തിലൊരുനേരം കണ്ടെത്തിപ്പറയാം. അത് ഫിസിക്സിന്റെ രീതി. കലികാലത്തിലെത്തി നിൽക്കുന്നു നമ്മളെന്ന് ധർമ്മശാസ്ത്രം, അത് വിശ്വാസവിധി. ഇതൊന്നുമല്ലെന്റെ വർത്തമാനസ്ഥിതി. ഞാനെത്തിനിൽക്കുന്നത് സമൂഹത്തിൽതന്നെ. ആരെയും നോവിക്കാതെ ജീവിക്കാനാശിക്കുന്നവരും, ഒരാളെ സ്നേഹിക്കാതെ ജീവിക്കാനാവാത്തവരുമായവരുടെ ലോകത്ത് നമ്മൾ. സാമൂഹ്യദ്രോഹികളും പാരവെപ്പുകാരും അധികാരക്കൊതിയാൽ സകലതും വെട്ടിവിഴുങ്ങാൻ ആർത്തിപൂണ്ടു നടക്കുന്നവരും, മദ്യപാന്മാരും, പിമ്പുകളും ഒക്കെ അടങ്ങുന്ന സമൂഹത്തിൽ ഞാനെത്തി നിൽക്കുന്നു. റിയൽ എസ്റ്റേറ്റ് ഏർപ്പാടുകൾ മെയിൻ സബ്ജക്റ്റും അദ്ധ്യാപനം സബ്സിഡിയറിയുമായെടുത്ത അദ്ധ്യാപകരും, മതത്തിന്റെ പിണിയാളുകളായി നിൽക്കുകയും ഇൻകം ടാക്സ് വെട്ടിക്കുറക്കുകയും ചെയ്യുന്ന പണക്കാരും, വിദ്യാഭ്യാസ കച്ചവടക്കാരും, നേതാക്കൻമാരുടെ വിരൽതുമ്പിൽ പാവകളായിത്തുള്ളുന്ന കുട്ടിരാഷ്ട്രീയക്കാരും, പെൺവാണിഭക്കാരും, പെൺവാണിഭത്തിൽ കുടുങ്ങിപ്പോകുന്നവരും പിന്നെ നല്ലവരായ നാട്ടുകാരുമടങ്ങുന്ന സമൂഹത്തിൽ ഞാൻ വന്നു നിൽക്കുന്നു.

**എവിടേക്കാണെവിടേക്കാണീയാത്ര?**

'ക്ഷേത്രമേതെന്നറിയാത്ത തീർത്ഥയാത്ര, മൂർത്തിയേതെന്നറിയാത്ത കൊടും തപസ്യ, തളർന്നാലും വീഴാത്ത തപസ്വിനി നീ.... എവിടേക്കാണെവിടേക്കാണീ യാത്ര?' സിനിമപ്പാട്ടു കൊള്ളാം. ബ്രഹ്മാനന്ദസ്വരം. എത്തിച്ചേരുന്നതിനെക്കുറിച്ചുള്ള ആശങ്കകൾ ഈ വിധവും.

അണ്ഡകടാഹങ്ങളിലൊരിടം ഒരു തുടർച്ചയായി നമ്മൾ പ്രവഹിച്ചുകൊണ്ടേയിരിക്കുകയെന്ന് ശാസ്ത്രം. ഒന്ന് മറ്റൊന്നായി, മറ്റൊന്ന് മറ്റൊറ്റൊന്നായി, മറ്റൊറ്റൊന്ന് മറ്റൊറ്റൊറ്റൊന്നായി..... അനന്തമായി പ്രവാഹം തുടർന്നുകൊണ്ടേയിരിക്കും, ഖിയാമം നാൾവരെ. പിന്നെയും യാത്ര തുടരുന്നു. അഗ്നികുണ്ഡത്തിലോ സുഖസൗകര്യങ്ങളുടെ പൂന്തോട്ടങ്ങളിലോ ആയിട്ട്. മൺതരിയായോ, ജലകണികയായോ നിത്യസഞ്ചാരം തുടരുന്നു.

തീർച്ച, എത്തിച്ചേരുന്നതും ഈ സമൂഹത്തിൽ തന്നെ. അരുപികളോ പകരരൂപം കൈകൊണ്ടവരോ ഇതര രൂപങ്ങളിലെത്തിപ്പെട്ടവരോ, വരുംരൂപം കാത്തിരിക്കുന്നവരോ ഒക്കെയായ സഹജീവികൾക്കൊപ്പം നമ്മളെത്തിച്ചേരും.

എവിടെയെത്തിച്ചേരാനാണ് ഓരോരുത്തരുടേയുമാഗ്രഹം? വ്യക്തിഭിന്നമായ തീരുമാനങ്ങളോ മോഹങ്ങളോ സ്വപ്നക്കുറി നടത്തുന്നു. എന്റെ മോഹം : ഇതുപോലെ സുന്ദരികളും സുന്ദരന്മാരുമായ കലാലയ വിദ്യാർത്ഥികൾക്കിടയിൽ അവരെയറിയാവുന്ന ഒരു അദ്ധ്യാപകനായി നാളെയെവിടെയെങ്കിലും എത്തിച്ചേരണം. പോരാ, അനന്ത സഞ്ചാരമെങ്കിൽ എത്തുന്നിടത്തൊക്കെയങ്ങനെയായിരിക്കണം.






ഇസഡ്. എ. അഷ്റഫ്

**"ഇന്നത്തെ** യുവത അലക്ഷ്യമായി സഞ്ചരിക്കുന്നവരാണ്. ധാർമ്മികതയും മൂല്യബോധവും അവർക്ക് അന്യമാണ്. മാറ്റത്തിന്റെ ഒഴുക്കിൽ അവർക്ക് അസ്തിത്വം നഷ്ടപ്പെട്ടിരിക്കുന്നു". വരാന്തയിൽ നിന്ന് പുറത്തേക്ക് കൈചൂണ്ടി പുതിയ തലമുറയെ കുറിച്ച് പലരും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇങ്ങിനെയൊക്കെയാണ് സത്യത്തിൽ വലിയൊരു കളവാണ് ഇങ്ങിനെ പറയുന്നതിലൂടെ പ്രചരിപ്പിക്കപ്പെടുന്നത്. ഒരു കാലഘട്ടവും മറ്റൊരു കാലഘട്ടത്തേക്കാൾ മികവുറ്റതാണെന്ന് സമർത്ഥിക്കുക സാധ്യമല്ല. ഒരു ജനതയും മറ്റൊരു ജനതയേക്കാളും കേമൻമാരാണെന്ന് അവകാശപ്പെടാനുമാവില്ല എന്നിട്ടും ആരോപണങ്ങൾ തുടരുന്നു. അത് തുടരുകയും ചെയ്യും. ഒരു തരം അനിശ്ചിതത്വം ഉണ്ടെന്നത് നേരാണ്. ഇന്നത്തെ യുവതയുടെ പ്രതിസന്ധിയാണിത്.

ഒരു തരം 'കയോസ്'– ഇതിൽ നിന്ന് തന്നെയാണ് യുവത എവിടെയെത്തി നിൽക്കുന്നു എന്ന ചരിത്രാന്വേഷണം ആരംഭിക്കുന്നത്. പൈതൃകം ഒരു ഘടകമാണ്. ഭൂതകാലം വസന്തമായിരുന്നെന്നും വർത്തമാനം ഊഷരമാണെന്നുമല്ല പറഞ്ഞു വരുന്നത്. പാരമ്പര്യത്തിന്റെ പ്രാധാന്യമാണ് ഉദ്ദേശിച്ചത്. അന്ന് യുവത കൂടുതൽ കരുത്തരായിരുന്നു. പ്രതികരണം അവരുടെ സ്വഭാവമായിരുന്നു. ചിന്തകളിൽ തനതായ കാഴ്ചപ്പാടുകൾ പ്രതിഫലിച്ചിരുന്നു. കാമ്പസുകൾക്കും ഈ ഒരു ഗന്ധമായിരുന്നു. അനീതികൾക്കെതിരെ കലഹിക്കുകയും സമൂഹത്തിൽ കാമ്പസിന്റെ ശബ്ദം കേൾപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഊർജ്ജം കാമ്പസുകളിൽ നിന്ന് പുറത്തേക്ക് വന്നിരുന്നു. അത് കൊണ്ട് തന്നെ കാമ്പസുകളിൽ പ്രതിഭകളെ വളർത്താൻ അന്നത്തെ ചർച്ചകൾക്കും തർക്കങ്ങൾക്കും സാധിച്ചിരുന്നു.

കാലത്തിന്റെ സഞ്ചാരത്തിൽ ഇന്നത്തേത് നാളെ പഴഞ്ചനാവുക സ്വാഭാവികമാണ്. അങ്ങിനെയാവാത്തത് എല്ലാ കാലത്തേക്കുമുള്ള സന്ദേശങ്ങൾ മാത്രവുമാണ്. സ്വാഭാവികമായും കാമ്പസുകളുടെ ഭൗതിക സാഹചര്യം മാറി. കാമ്പസിൽ ജീവിക്കുന്നവരുടെ മനസും അതിനനുസരിച്ച് മാറി. ടെക്നോളജി അറിവിൽ മാത്രമല്ല സ്വാധീനം ചെലുത്തിയത്. ജീവിതത്തിനും ചിന്തകളിലും സ്വഭാവത്തിലും എല്ലാം സ്വാധീനിക്കാൻ പറ്റുന്ന ഒരു പ്രതിഭാസമായി മാറി സാങ്കേതിക വിദ്യ. അങ്ങിനെയാണ് ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറ വേറിട്ടൊരു കാഴ്ചയായത്. യുവത ഇവ്വിധം പ്രതികരിക്കാൻ ശേഷിയില്ലാത്തവരായത് അതു കൊണ്ടാണ്. ശേഷിയില്ലായ്മയല്ല, നേരമില്ലായ്മയാണ് ഇവരുടെ പ്രശ്നം. എങ്ങിനെയാണ് നേരമുണ്ടാവുക? മത്സരാധിഷ്ഠിത ലോകം. കരിയർ സ്വപ്നങ്ങൾ. ഇവിടെ ജയിക്കാൻ പെടുന്ന പെടാപാട്. ഇതിനിടയിൽ അന്യരുടെ പ്രശ്നങ്ങൾ കാമ്പസിന്റെ പ്രശ്നങ്ങളാവാൻ നേരമില്ലായിരുന്നു. അത് കൊണ്ടാണ് ഇന്നത്തെ യുവത ഇങ്ങിനെയായത്. ഒരു കുറ്റപ്പെടുത്തലിനും പ്രസക്തിയില്ല. **മാത്രവുമല്ല, സംസ്കാരങ്ങളിലൂടെ വിനിമയം ചെയ്യപ്പെടുന്ന മൂല്യങ്ങളുടെ ആകെ തുകയായ 'നന്മ'യുണ്ടല്ലോ, അത് മറ്റേത് കാലഘട്ടങ്ങളിലെ ജനതയും സൂക്ഷിക്കുന്ന വിധം തന്നെ പുതിയ തലമുറയും കാത്തു സൂക്ഷിക്കുന്നുണ്ട്. ചിലർക്കത് കാണാൻ പറ്റാത്തത് അവരുടെ കുഴപ്പം.**

വർത്തമാനത്തിൽ നിന്ന് വേണം ഭാവിയെ കാണാൻ. വരുംകാലം മനോഹരം തന്നെയാണ്. നന്മകാണാത്തവർ നിരാശരാവുക സ്വാഭാവികം. ചെറുതായിക്കൊണ്ടിരിക്കുന്ന ലോകത്ത് നാളത്തെ കാമ്പസിന് അതിന്റേതായ പങ്ക് ഉണ്ട്. അന്ന്, ആ കാലഘട്ടത്തിന് ഇണങ്ങുന്ന കാമ്പസുകളാണ് നിലനിൽക്കുക. കാമ്പസും പ്രണയവും ചിന്തയും പഠനവുമെല്ലാം ആ കാലത്തിനനുസരിച്ച് പുനർനിർവചിക്കപ്പെടും. എങ്കിലും 'നന്മ'നിലനിൽക്കുക തന്നെ ചെയ്യും.



# ഐ ഡോന്റ് കേർ........

പുനർവായന
**മധു ആലപ്പടമ്പ്.**

ടാൽക്കം പൗഡറിന്റെ മുഖവും
ബ്യൂട്ടി സോപ്പിന്റെ തൊലിയും
ഷാംപൂവിന്റെ മുടിയും
ലിപ്സ്റ്റിക്കിന്റെ മധുരവുമായി
അലങ്കാര പ്രിയരായ
കവികളെ വെല്ലുന്ന
ചാരുതയോടെ
അവൾ കോളേജിലെത്തി.
കൂട്ടുകാരികൾ
അവൾക്കു ചുറ്റും നിരന്ന്
വിശേഷങ്ങൾ പറഞ്ഞു തുടങ്ങി

"ഹായ് ! ലില്ലീ.....
അറിഞ്ഞില്ലേ.....?
നമ്മുടെ മലയാളം സാർ
ആക്സിഡന്റിൽ പെട്ടു....."
"ഐ ഡോന്റ് കേർ....."

"കോളേജിൽ രാഷ്ട്രീയവും സമരവും
നിരോധിച്ചത് നീയറിഞ്ഞോ?"
"ഐ ഡോന്റ് കേർ....."

"നമ്മുടെ ക്ലാസ്സിലെ ശാരികയെ
കാണാനില്ലത്രെ........"
"ഐ ഡോന്റ് കേർ...."

"ഹിസ്റ്ററി സാർ ഇന്നലെ"
ഒരു ജോക്കു പറഞ്ഞു:
"ഇന്ത്യയിലെ ഒട്ടുമിക്ക ഗ്രാമങ്ങളിലും
പട്ടിണിയുണ്ടെന്ന്.....!"
"ഐ ഡോന്റ് കേർ...."

"അയ്യോ....
നിന്റെ മുഖത്ത് എങ്ങിനെ പറ്റി
ഈ കറുത്ത പാട്.....?"
അപമാനിതയായി, ദുഃഖിതയായി
അവൾ
കൂട്ടുകാരികളുടെയരികിൽ നിന്ന്
ഓടിപ്പോയി........

ഡോ: മുഹമ്മദലി

**'യുവാക്കളുടെ ഭൂതം, വർത്തമാനം, ഭാവി' എന്ന് ചോദ്യാവലിയെ ഭാഷാന്തരം ചെയ്യാമെന്നു തോന്നുന്നു. ഭാവി വിഹായസ്സിലെ അതിർത്ഥികളില്ലാത്ത ലോകത്തെക്കുറിച്ചുള്ള സ്വപ്നങ്ങളിൽ നിന്നല്ല, പകരം വർത്തമാനാവസ്ഥയുടെ ആകുലതകളിൽ നിന്നാണ് ചോദ്യങ്ങൾ ഉയർന്നുവരുന്നതെന്നും ഞാൻ വിചാരിക്കുന്നു. സമ്പത്തിന്റെയും പ്രശസ്തിയുടെയും ഉപഭോഗത്തിന്റെയും ഉച്ചിയിലേക്കുള്ള മത്സരപ്പാച്ചിലിനിടയിൽ തിരിഞ്ഞു നോക്കുമ്പോൾ മനസ്സിൽ നിന്ന് അറിയാതെ ഉയർന്നുവന്നതല്ലേ ഈ ചോദ്യങ്ങൾ?**

ഇന്നലകളുടെ ഇങ്ങേ മുനമ്പിൽ നിന്നു തന്നെ തുടങ്ങാം. പടിഞ്ഞാറൻ അധിനിവേശവും അതിനെതിരെ വളർന്നുവന്ന ദേശീയ അധിനിവേശവിരുദ്ധ പോരാട്ടങ്ങളും സന്ധിക്കുന്ന തലങ്ങളിൽ രൂപം പൂണ്ട ചുറ്റുപാടുകളിൽ നിന്നാണ് ഭാരതത്തിൽ ഒരു ആധുനിക സമൂഹം സൃഷ്ടിക്കപ്പെടുന്നത്. ആധുനികയുവാക്കളുടെ ജീവസന്ധാരണവും മുൻഗണനാക്രമവും സാദ്ധ്യതകളും പ്രതീക്ഷികളും വേരാഴ്ന്നുകിടക്കുന്നത് ഈ ഭൂമികയിലാണ്. ജനനത്തിനും ജീവിതവൃത്തിക്കുമനുസൃതമായി നിലനിന്നിരുന്ന സാമൂഹ്യ ശ്രേണീബന്ധങ്ങൾ ഉലഞ്ഞാടുകയും രൂപമാറ്റത്തിന് വിധേയമാവുകയും ചെയ്തു. ജോലി ചെയ്യുവാനും അറിവുനേടുവാനും മറ്റുമുള്ള അവസരങ്ങളിലെ വർഗ്ഗ-ജാതി പരമായ കുത്തക ഒരു പരിധിവരെ തകർന്നു. അങ്ങനെ താൽപര്യവും കഴിവും ഉള്ളവർക്ക് അറിവ് നേടാനും ഇഷ്ടമുള്ള ജോലി ചെയ്യുവാനും ജീവസന്ധാരണം നടത്തുവാനുമുള്ള സ്വാതന്ത്ര്യം ഇതുവഴിയുണ്ടായി. ഇതോടൊപ്പം ദേശരാഷ്ട്രത്തിന് അത് ആവശ്യപ്പെടുന്ന എല്ലാ അവകാശങ്ങളും അധികാരങ്ങളും പുതിയ സമൂഹത്തിലെ പൗരന് ലഭിച്ചു. പൂർണ്ണമായിട്ടല്ലെങ്കിലും പുതിയ ഉദ്പാതന-വിതരണരീതിയും വിദ്യാഭ്യാസ സമ്പ്രദായവും സാംസ്കാരിക-സാമൂഹിക പ്രവർത്തനങ്ങളും ഉത്ഭവിച്ചു. സ്വതന്ത്രഭാരതം നിലവിൽ വരുന്ന സാഹചര്യം ഇതാണ്.

ഇതോടെ ദേശക്കൂറും സഹജീവി സ്നേഹവും കൂട്ടായ്മാബോധവുമുള്ള ഒരു സമൂഹം വളർന്നുവന്നു. രാജ്യത്തിന് വേണ്ടി തന്റെ ബുദ്ധിയും ശക്തിയും കഴിവുകളും പ്രയോഗിക്കുക എന്നത് പൗരൻ തന്റെ കടമയായിക്കരുതി. സഹജീവികൾക്ക് (അവരും ദേശത്തിന്റെ ഭാഗമാണല്ലോ) സഹായം ചെയ്യുന്നത് ഒരു സംസ്കാരമായി മാറി.

യുവാക്കളുടെ സാംസ്കാരിക ജീവിതം ഇതുമായി ബന്ധപ്പെട്ടുകിടക്കുകയാണ്. വിദ്യാഭ്യാസവും ജോലിയും ലഭിച്ച യുവാക്കൾ എന്ത് കൊണ്ടും ഒരു മുതൽകൂട്ടായി. സമൂഹത്തിലെ പാവങ്ങളെ സഹായിക്കാനും അശരണർക്ക് താങ്ങാവാനും പുതിയ സാംസ്കാരിക കേന്ദ്രം അവന് പ്രചോദനമേകി .വിദ്യാർത്ഥികളും അദ്ധ്യാപകരും അക്കാദമിക ലോകത്ത് കുരുങ്ങിക്കിടക്കു



പുനർവായന
**അയ്യപ്പപണിക്കർ**

മലനാടു മാറ്റി നാം ബുദ്ധിപൂർവ്വം
മറുനാട് നമ്മുടെ നാടാക്കി.
ചിലരൊക്കെ മറുനാട്ടിൽ പോകുന്നു– പലരും
ഇവിടം മറുനാടായി മാറ്റുന്നു
–(രാമൻ വാണാലും രാവണൻ വാണാലും)

ദൈവമേ കൈതൊഴാം കേൾക്കുമാറാകണം
ബോറനാമെന്നെ നീ കാക്കുമാറാകണം
ഏകാംഗപാർട്ടിയിൽ നേതാവാക്കീടണം
എൻ.ഒ.സി വാങ്ങിക്കൊടുക്കാൻ കഴിയണം
എന്നുള്ളിൽ പാർട്ടി പിളരുമാറാകണം
പാർട്ടി പിളർന്നതിന്നുള്ളിൽ ഞാൻ കേറണം
–(ദൈവമേ കൈതൊഴാം കേൾക്കുമാറാകണം)

ഇന്ത്യ ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയി–
ലേക്കു വരികയാണ്
നമ്മുടെ ചോര തിളക്കേണ്ട കാര്യമാണ്
പക്ഷേ തിളക്കുന്നുണ്ടോ?
തിളക്കാൻ ചോരയെവിടെ എന്ന് ചോദിക്കരുത്
നമുക്ക് ചോരയില്ല എന്ന് പറയുന്നത്
താത്തികമായി ശരിയല്ല
പഞ്ചാബിലും ഗുജറാത്തിലും
പിന്നെ അതായത് നമ്മുടെ നാട്ടിലും
നാം നിത്യവും ഒഴുക്കുന്നത്
പിന്നെ സായിപ്പിന്റെ ചോരയാണോ?
**–(ഉദ്ഘാടനം)**

ന്നതിന് പകരം സാമൂഹ്യ പ്രശ്നങ്ങളോട് പ്രതികരിക്കുകയും അവയിൽ പുരോഗമനപരമായി ഇടപെടുകയും ചെയ്തു. രാഷ്ട്രീയ പ്രവർത്തനവും അവർക്ക് അന്യമായിരുന്നില്ല. ദീനന്റെ ദൈനതകളും ഇല്ലാത്തവന്റെ പട്ടിണിച്ചുഴികളും കാണാനും ഒരു വേള അനുഭവിക്കാനും കൂടെ നിന്ന് രക്ഷപ്പെടുത്താനും സ്റ്റേറ്റിന്റെ സഹായത്തോടെ യുവാക്കൾ പ്രവർത്തിച്ചു. യുവാക്കളുടെ എല്ലാത്തരം ആത്മാവിഷ്കാരങ്ങളിലും ഈ സംരക്ഷിത ബോധവും വികസന തൃഷ്ണയും ദേശീയബോധവും പ്രകടമായിരുന്നു. യുവാക്കളുടെ ജീവിതത്തിലും കലയിലും പ്രണയത്തിലുമെല്ലാം ഈ നിറവ് പ്രകടമായിരുന്നു. സ്വന്തമല്ലാത്തവർക്ക് വേണ്ടി സ്വയം അർപ്പിക്കാനുള്ള സന്നദ്ധത ഈ യുവത്വത്തിൽ എന്നും നിറഞ്ഞുനിന്നു.

വർത്തമാന ഭാരതം വമ്പിച്ച മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ക്ഷേമാധിഷ്ഠിത ദേശരാഷ്ട്രം എന്ന വിശേഷണം ഇന്ത്യക്ക് ഇനിമുതൽ എത്രമാത്രം പാകമാകുമെന്നത് സംശയമാണ്. ക്ഷേമകാര്യങ്ങളിൽ നിന്ന് സ്റ്റേറ്റ് പിൻവലിയുകയും ആ മേഖലകളിൽ സ്വകാര്യസ്ഥാപനങ്ങളുടെ കടുത്ത മത്സരത്തിന്റെ വിജയഭൂമിയാവുകയും ചെയ്തുകൊണ്ടിരിക്കുന്നു. **മത്സരം ഇവിടെ ജനങ്ങളെ ക്ഷേമകാര്യങ്ങളിൽ സഹായിക്കാനല്ല, പകരം ക്ഷേമപ്രവർത്തനങ്ങളുടെ കാഴ്ചക്കപ്പുറത്ത് കയ്യിലുള്ള പണം ഇരട്ടിപ്പിക്കുവാനുമാണ്. "ജനങ്ങൾക്ക് ക്ഷേമം, നമുക്കോ ലാഭം!" എന്നതാണ് പുതിയ ദർശനം. ജനക്ഷേമം മുഖ്യ കർത്തവ്യമായി വിചാരിച്ചിരുന്ന സ്റ്റേറ്റ് ക്ഷേമപ്രവർത്തനം നടത്തുന്നതിന് പകരം ഇന്ന് മെല്ലെമെല്ലെ ക്ഷീണിച്ചു ചാരുകസേരയിൽ വിശ്രമിക്കാൻ ഒരുങ്ങുകയാണ്.**

ഗവൺമെന്റ് പിൻവാങ്ങുന്ന മേഖലകളിൽ കേറിവരുന്നവർക്ക് എല്ലാം കച്ചവടമായി മാറുന്നുവെന്ന് സൂചിപ്പിച്ചുവല്ലോ. സ്വകാര്യ മേഖലകളിൽ വളർന്നുവന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപോലും രക്ഷിതാവ് വെറും ഒരു 'കസ്റ്റമർ' മാത്രമാണ്. ഉപഭോക്താവിന്റെ അഭിരുചിക്കനുസരിച്ചുള്ള വിദ്യാഭ്യാസമാണ് അവർക്ക് വെച്ചുനീട്ടപ്പെടുന്നത്. വിദ്യാഭ്യാസം ഇവിടെ എന്താവുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. പുത്തൻ സ്കൂളുകൾ വർദ്ധിക്കുന്നതോടെ ഗവൺമെന്റിന് സ്വാഭാവികമായും മാറിനിൽക്കാനാവും. ഇതോടെ എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്നത് ഗവൺമെന്റിന്റെ ഒരു കർത്തവ്യം എന്നതിൽ നിന്ന് ജനങ്ങൾക്ക് നൽകുന്ന ഒരു ഓശാരം എന്ന നിലയിലേക്ക് മാറിയാലും അത്ഭുതപ്പെടാനില്ല. ക്ഷേമമേഖലയിൽ നിന്നുള്ള സ്റ്റേറ്റിന്റെ പിന്മാറ്റം സ്വകാര്യമേഖലയിൽ പുതിയ അവസരങ്ങളുണ്ടാകും.

വരും കാലങ്ങളിലെ യുവാക്കളുടെ ജീവിതം ഏതു വിധം സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് നാം അനുഭവിച്ചറിയുന്നുണ്ടല്ലോ.



അഹമ്മദ് ഹുസൈൻ ഹഫീസുള്ള. കെ.വി

**വളരെ** പവിത്രമായ രൂപഘടനയിൽ സവിശേഷ സ്വഭാവങ്ങളോടെ സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ സുന്ദര സൃഷ്ടിയാണ് മനുഷ്യൻ എന്നുള്ള യാഥാർത്ഥ്യം ഇനിയും നമുക്ക് ഉൾകൊള്ളാൻ സാധിച്ചിട്ടില്ല എന്നാണ് മനുഷ്യന്റെ ഇന്നത്തെ ചലനങ്ങൾ വ്യക്തമാക്കുന്നത്. കേവലമായ സൃഷ്ടിപരതകപ്പുറം ഇന്ന് ഈ ചോദ്യത്തിന് പ്രസക്തി കൂടുതലാണ്.

എന്നാൽ ഇന്ന് മനുഷ്യൻ ടെക്നിക്കൽ ആയി ഒരുപാട് ഉയർന്നിട്ടുണ്ട് എന്നുള്ളത് ശരിയാണ്. എന്നാൽ അത്രത്തോളം ഒരു ഗൃഹാതുരത്വം അവന്റെ മാനസിക ഘടനയിൽ വന്നിട്ടില്ല. "മനുഷ്യൻ സൃഷ്ടിച്ച ലോകത്ത് അവൻ അന്യനായി തീരുകയും അവൻ കണ്ടുപിടിച്ച സംവിധാനങ്ങൾ അവനെ അടിമപ്പെടുത്തുകയും ചെയ്യുന്നു." എന്ന് വിശ്വപ്രസിദ്ധ ഭിഷഗ്വരൻ അലക്സിസ് കാറൽ വിലയിരുത്തിയത് ഇന്നത്തെ ടെക്നോളജിയുടെ പൊള്ളത്തരത്തെയാണ്. കാരണം താൻ തന്നെ നിർമ്മിച്ച ഒരു വസ്തു തന്നെ ഭരിക്കുന്ന ഒരവസ്ഥ മനുഷ്യന് ഒരിക്കലും അംഗീകരിക്കാൻ സാധിക്കാത്ത ഒന്നാണ്.

ആർത്തി, ദുര, ലാഭം, എന്നിത്യാദികളിലുള്ള അവന്റെ സമീപനങ്ങൾ അന്നും ഇന്നും ഒരുപോലെയാണ് എന്നോ ഇന്ന് കൂടുതൽ ദുഷ്ക്കരമാണ് എന്നോ പറയാം.

ഒരുകാലത്ത് വിപ്ലവങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന ചാലകശക്തിയായിരുന്ന യുവത ഇന്ന് ചലനശേഷിനഷ്ടപ്പെട്ട്, മൃതപ്രായരായി പുറംലോകം തിരിച്ചറിയാൻ സാധിക്കാത്തവിധം തളച്ചിടപ്പെട്ട അവസ്ഥയിലാണ്.

യൗവ്വനം ഒരാൾ എഴുന്നേറ്റ് നിൽക്കാനുള്ള കാലമാണ്. അതുവരെ അയാൾ നിൽക്കാൻ പഠിക്കുകയായിരുന്നു. ശേഷം വീഴാതിരിക്കാനുള്ള ശ്രമമാണ്. ശിരസ്സ് കുനിഞ്ഞ്, മുതുക് വളർന്ന് കാലുകൾ ഇടറിവീഴുന്നതിന് മുമ്പ്......


യൗവ്വനം ധൈര്യമാണ്, ആശയും, ആവേശവുമാണ് സ്വപ്നവും സാഹസകിതയുമാണ്. കടലും ചാടിക്കടക്കുമെന്ന ശുഭപ്രതീക്ഷയാണ്. മലമറിക്കാൻ പോന്ന ഇച്ഛാശക്തിയാണ്. ഭീരുത്വവും ഇച്ഛാഭംഗവും അതിശക്തമായ അശുഭചിന്തകളും പിടികൂടുന്നതിന്ന് മുമ്പ്....... യൗവ്വനം വെല്ലുവിളിയാണ്. എന്തിനേയും ചോദ്യം ചെയ്യാനുള്ള ചങ്കൂറ്റമാണ് ശിഷ്ടകാലം ഒത്തുതീർപ്പിന്റേതാണ്. അപമാനകരമായ രാജിയുടേതാണ്. നാണക്കേടിന്റെ നാളുകൾ വന്നണയും മുമ്പ്.....

**പക്ഷേ ഇന്നത്തെ യുവത്വം ഇപ്പറഞ്ഞതൊക്കെയുമാണോ?**

ഇത്രയും ചുറുചുറുക്കുള്ള, വിപ്ലവബോധമുള്ള, ആശയും ധൈര്യവുമുള്ള യൗവ്വനം എന്ത്കൊണ്ട് ഇന്ന് ഈ തരത്തിൽ അധഃപ്പതിച്ചു എന്നതിൽ നിന്ന്, ഇന്നത്തെ യുവത എവിടെയെത്തിനിൽക്കുന്നു. എന്നതിന്റെ വ്യക്തമായ ചിത്രം നമുക്ക് ലഭിക്കുന്നു. ഈ വസ്തുത പഠിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് അവന്റെ ജീവിതാസക്തിയും ജീവിതസങ്കൽപ്പങ്ങളും മാറിയിരിക്കുന്നു എന്നാണ്.

**ജീവിതാസക്തി അകത്ത്നിന്നും പുറത്തുനിന്നും ഇന്നത്തെ യുവതയെ ആക്രമിക്കുകയാണ്. ഉപഭോഗസംസ്കാരം നമ്മുടെ ജീവിതത്തിന്റെ ഏകനിയാമകശക്തിയായി തീർന്നിരിക്കുന്നു. മറ്റെല്ലാ സംസ്കാരങ്ങളും ജീവിതത്തിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഉണ്ണലും ഇണചേരലും വഴിതെറ്റിയ വിനോദ പരിപാടികളുമായി ജീവിതം ചുരുങ്ങിപ്പോകുന്നു. സനേഹം വറ്റുകയും സേവനമനസ്സ് നമുക്ക് നഷ്ടമാവുകയും ചെയ്തിരിക്കുന്നു. ചൂഷണത്തിന്റെ എല്ലാ കവാടങ്ങളുടെയും താക്കോൽ നമ്മുടെ കൈവശം ഉണ്ട്.**

കമ്പോളത്തിൽ ലഭ്യമായ പൂഴിത്തൊള്ളായിരം ഉപഭോഗ സാമഗ്രികളാണ് നമ്മുടെ ജീവിതലക്ഷ്യത്തെയും മാർഗ്ഗത്തെയും ഇന്ന് നിയന്ത്രിക്കുന്നത്. കഴിയുന്നത്ര ഉപയോഗിക്കുക എന്നതാണ് ആധുനികമനുഷ്യരുടെ ആദർശ വാക്യം. ഇവിടെ ദൈവത്തേയും പ്രപഞ്ചത്തേയും മനുഷ്യബന്ധങ്ങളേയുമെല്ലാം ഉപഭോഗത്തിന്റെ കണ്ണിൽക്കൂടി മാത്രമേ അവന് കാണാൻ സാധിക്കുന്നുള്ളൂ. ദൈവം മനുഷ്യന്റെ പ്രകൃതിക്കിണ



## ചർച്ച

ങ്ങുന്ന വിധം എല്ലാം സംവിധാനിച്ചു. സുന്ദരമായ ലോകത്ത് അതുമായി താദാത്മ്യത്തിൽ കഴിയുന്ന മനുഷ്യർക്കൊപ്പം ജീവിക്കുന്നതിന്ന് പകരം നമ്മൾ തന്നെ നിർമ്മിച്ച കൃത്രിമമായ ലോകത്തിന്റെ കാപട്യം പേറുന്നവർക്കൊപ്പം ജീവിക്കുക എന്നതായിരിക്കുന്നു. ഇതിൽ എല്ലാവരുടെയും ശീലങ്ങളും സ്വപ്നങ്ങളും സങ്കൽപ്പങ്ങളുമുണ്ട്.

കൃത്രിമമായ ഈ ലോകത്തെ നിലനിർത്താൻ യാന്ത്രികവും നിരർത്ഥകവുമായ പ്രവർത്തനങ്ങൾ എല്ലാവരും ചെയ്തു കൊണ്ടേയിരിക്കുന്നു. മടുപ്പുളവാക്കുന്ന ഈ ഐക്യരൂപത്തിലും യാന്ത്രികതയിലും മനുഷ്യവികാരങ്ങൾ ചതഞ്ഞരഞ്ഞ് എല്ലാവരും ഒരേമുഖമുദ്രയുളളവരായിത്തീരുന്നു. എന്തിനോടും കടുത്ത നിസ്സംഗത. അനുഭവങ്ങളും യാഥാർത്ഥ്യങ്ങളും തിരിച്ചറിവുകളും വേദനകളും ദുരിതങ്ങളും ദുരന്തങ്ങളും എല്ലാം ഈ മനുഷ്യർക്കിടയിൽ അത്യാധുനിക മാധ്യമങ്ങളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന വിവരങ്ങൾ മാത്രം. **അമ്മ ചൊല്ലിത്തന്ന വാക്കുകൾ മറന്ന് കുത്തകകമ്പനികളുടെ കാർഡുകളിൽ നാം സ്നേഹവും നന്ദിയും കൈമാറുന്നു. സ്നേഹിക്കാനും വെറുക്കാനും പ്രത്യേക ദിവസങ്ങൾ തന്നെ നിശ്ചയിക്കപ്പെട്ടു. അലഞ്ഞു നടന്ന നമ്മുടെ കൺമുമ്പിലേക്ക് ചാനലുകൾ നഗ്നവിഭവങ്ങൾ വിളമ്പി. വിവരവും വിവരക്കേടും സമം ചേർന്ന് അരങ്ങേറിയ സൈബർ വിപ്ലവം നമ്മൾ കാബിനുകളിൽ ഇരുന്നാസ്വദിച്ചു. വിശക്കുമ്പോൾ നമുക്ക് അവർ തന്നെ മുഴുത്ത ചോക്ലേറ്റുകൾ നൽകി, ദാഹിച്ചപ്പോൾ വിഷക്കോളകളും. വിപ്ലവവും സമരവും ജനപ്രിയ വിഭവങ്ങളെന്ന തിരിച്ചറിവ് അവരെ ഫാഷൻഷോകളിലേക്കും കലോത്സവകൂത്താട്ടങ്ങളിലേക്കും വഴിതിരിച്ചു വിട്ടു കഴിഞ്ഞിരിക്കുന്നു.**

ഉന്നതമായ വിപ്ലവത്തിന്റെ മുന്നണിപോരാളികളാവേണ്ട നാം ആത്മബോധം നഷ്ടപ്പെട്ട കോമാളികളായി തീർന്നിരിക്കുന്നു. സമരങ്ങൾ പുറംപകിട്ടുകളായും കേവലം മുഷ്ടിച്ചുരുട്ടി എറിയലായും മാത്രം അവശേഷിച്ചു. രാഷ്ട്രീയ സാമ്പത്തിക മേഖല അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്നു. ഇത് കേവലം നമ്മുടെ കൊച്ചുകേരളത്തിന്റെ മാത്രം അവസ്ഥയല്ല. നമ്മുടെ ലോകത്തിന്റെ മുഖംതന്നെ ഈ തരത്തിൽ വളരെ ദ്രുതഗതിയിൽ മാറികൊണ്ടിരിക്കുന്നു. ഉളളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കൂടികൊണ്ടിരിക്കുന്ന ഒരുകാലത്ത് വിപ്ലവം പറഞ്ഞു നടന്നിരുന്ന യുവസംഘങ്ങൾക്ക് പോലും ഇന്ന് ആളെ കിട്ടാതെ നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥയിൽ പരിഭ്രമിച്ചു നിൽക്കുകയാണ്. ഈയൊരവസരത്തിൽ എവിടെയെത്തിച്ചേരും എന്ന ചോദ്യം വളരെ പ്രസക്തമാണ്. കാരണം ഇപ്പോഴേ ഇന്നത്തെ യുവതയുടെ ആത്മീയനാശം സംഭവിച്ചു എന്നു പറയാൻ സാധിക്കും. കാരണം, ഭൗതികമായ മാനവികമൂല്യങ്ങൾ എന്ന് പൊതുസമൂഹം വിലയിരുത്തുന്ന പരസ്പര വിശ്വാസം, ആർദ്രത, ദയ, കാരുണ്യം, അനുകമ്പ, സ്നേഹം എന്നിങ്ങനെയുള്ള ഗുണങ്ങൾ ഉള്ള മനുഷ്യരെ കാണുക വളരെ പ്രയാസമാണ്. എല്ലാവരും തന്നിലേക്ക് തന്നെ ചുരുങ്ങിപ്പോയിരിക്കുന്നു. സാമൂഹ്യജീവിയാണ് മനുഷ്യൻ എന്ന വികാരം തന്നെയില്ലാത്തതുപോലെ...... ഇത് കേവലം ഇന്നത്തെ യുവതയെ മാത്രം പിടിപ്പെട്ട ഒരു പ്രശ്നമല്ല. ഇതിന് പിന്നിൽ നീണ്ട ഗൂഢാലോചകൾവരെ നടന്നിട്ടുണ്ട് എന്ന് മനസ്സിലാക്കാം. ഇതിൽ മുഖ്യമായത് 'ഭാവി'യെന്നു പറയുന്ന ചോദ്യചിഹ്നമാണ്. കാരണം ഭാവിഎന്ന് ഇപ്പോൾ ഇവിടെ ഉദ്ദേശിക്കുന്നത് മുഖ്യമായും കരിയർ സങ്കൽപ്പങ്ങളാണ്. അവൻ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അതിന് വേണ്ട മുന്നൊരുക്കങ്ങൾ പ്രതിരോധ ശക്തികൾ നടത്തിയിരിക്കും.

ഇവിടെയാണ് അറിവും തിരിച്ചറിവും കടന്നു വരുന്നത്. ഏത് അർത്ഥത്തിലായാലും അറിവ് തന്നെയാണ് അധികാരം. സ്വയാധികാരം പ്രഖ്യാപിക്കാൻ ഏതൊരാളെയും കെൽപ്പുറ്റവനാക്കുന്നത് സ്വന്തത്തെ കുറിച്ചുള്ള തിരിച്ചറിവാണ്. സ്വയം തിരിച്ചറിയാത്ത വ്യക്തിയുടെയും ജനത്തിന്റെയും അറിവില്ലായ്മക്ക്മേൽ എത്ര ഹീനമായ അധികാരവ്യവസ്ഥക്കും

നിലനിൽക്കാനാവുമെന്നതാണ് അറിവും അധികാരവും തമ്മിലുള്ള ബന്ധത്തിന്റെ വിപരീത വാക്യം. ഇതുതന്നെയാണ് നാം നിലനിൽക്കുന്ന വർത്തമാനകാലത്തിന്റെ അച്ചുതണ്ട് എന്ന് കാണാൻ പ്രയാസമില്ല.


**നമ്മെ സർവ്വവുമായി താളത്തിലാക്കുന്നത് നമ്മുടെ തനിമയാണ്. ഈ തനിമയെ കുറിച്ച് വിസ്മൃതിയിലൂടെ ഉളവാക്കുന്ന സ്വപ്നസാധ്യതകളുടെ ഇരുട്ടിലാണ് അധിനിവേശ ശക്തികൾ. അവരുടെ ഭാവി കെട്ടിപ്പടുക്കുന്നത്. നാം കണ്ണു തുറക്കുന്നതോടെ ഇരുട്ട് നീങ്ങും, അവരുടെ ഭാവി മറയും, നമ്മുടെ ഭാവി ഉണർന്നിരിക്കും. നമ്മുടെ നാളേകൾക്ക് ജീവിതത്തോടു മാത്രമേ നീളമുള്ളൂ എന്നും മരണത്തിനപ്പുറത്തേക്ക് സഞ്ചരിക്കാൻ അതിന് സാധ്യമല്ലെന്നും വിശ്വസിക്കുകയും അതിനനുസരിച്ച് ജീവിച്ച് തീർക്കുകയും ചെയ്യുന്ന മനുഷ്യർ ഇക്കാലത്തുണ്ടായിരുന്നു.**

നമ്മുടെ അസ്ഥിത്വത്തെ കുറിച്ച് വികലവും വിരൂപവുമായ കാഴ്ച്ചപ്പാടിന്റെ പിൻബലത്തിൽ ജീവിതം ആസ്വദിക്കാനുള്ളതാണെന്നും, ജീവിതസുഖങ്ങൾക്കായുള്ള കടിച്ചുപറിയിലെ ജയപരാജയമാണ് അന്തിമമെന്നും ഇതിൽ ജയിക്കുന്നവനാണ് അധീശത്വം വാഴാൻ അർഹതയുളളത് എന്നും തീരുമാനിച്ചുറച്ച പോലെയാണ് നമ്മുടെ സമൂഹം മുന്നോട്ട് പോയികൊണ്ടിരിക്കുന്നത്.

ഈയൊരു ഭൂമികയിൽ നിന്നുകൊണ്ടാണ് നാം എവിടെ എത്തിച്ചേരും എന്ന ചോദ്യമുന്നയിക്കുന്നതെങ്കിൽ, സംശയമന്യേ നമുക്ക് പറയാൻ സാധിക്കും, നാശത്തിലേക്കാണ് എന്ന്.

ദിശ തിരിച്ചറിയാൻ നാം ഇനിയും വൈകിക്കൂടാ...... ആഴമില്ലാത്ത നിറപ്പകിട്ടുകളിൽ കണ്ണുകൾ ഉടക്കി നിൽക്കാവതല്ല. ജീവിതത്തെയും ഭാവിയെയും നിർവചിക്കാതെ അന്തിമവിജയം സാധ്യമല്ലെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

ജീവിതത്തിന്റെ പുറംകാഴ്ചകളിൽ മയങ്ങി വീഴാതെ അധിനിവേശത്തിന്റെ ഇരുട്ടിനുമുന്നിൽ പകച്ചു നിൽക്കാതെ, അനന്തമായ ഭാവിയിൽ കണ്ണുനട്ട് മറുവാദങ്ങൾ രചിക്കുക എന്നതാവണം നമ്മുടെ ദൗത്യം. അങ്ങനെയെങ്കിൽ നമ്മുടെ ഭാവിയെക്കുറിച്ച് ശുഭപ്രതീക്ഷ വെച്ച് പുലർത്താൻ സാധിക്കും.



അനീസ്. കെ. മുഹമ്മദ് കുട്ടി

**ക്രമീകരിക്കപ്പെട്ട** സാമൂഹിക ചുറ്റുപാടിലാണ് ഈ ചോദ്യങ്ങളുടെ പ്രസക്തി.

"യുവത്വം" എന്നതാണ് ചർച്ചക്ക് ആധാരമായിത്തീരേണ്ടത് എന്നുള്ളത് കൊണ്ട്, രണ്ടതരം ചുറ്റുപാടുകളെ കുറിച്ച് പ്രതിപാദിക്കാതെ വയ്യ. മനസ്സിന്റെ വളർച്ച, പുറം ലോകത്തിന്റെ വളർച്ച അല്ലെങ്കിൽ സാഹചര്യങ്ങളിലുള്ള വ്യതിയാനം എന്നിവ ഈ രണ്ടു ചുറ്റുപാടുകളെ പ്രതിനിധീകരിക്കുന്നു. പക്ഷെ ആദ്യത്തേത് രണ്ടമത്തേതിനേയും, രണ്ടാമത്തേത്ത് ആദ്യത്തേതിനേയും കാര്യമായി സ്വാധീനിക്കുന്നു.

1) നമ്മൾ വന്ന കാലത്തെ തിരക്കുമ്പോൾ, മുൻപ് പറഞ്ഞ രണ്ട് അവസ്ഥകളുടെ പരസ്പര പ്രഭാവത്തിന്റെ പ്രതിഫലനങ്ങൾ സൃഷ്ടിച്ച തലമുറയുടെ കഥകൾക്ക് കാതോർക്കാം. അധികമൊന്നും പിന്നോട്ടുപോവാതെ, രണ്ട് അവസ്ഥകളും പരസ്പര പൂരകങ്ങളായി മാറിയ കാലത്തിനു ശേഷം എന്തു സംഭവിച്ചു എന്നു പരിശോധിക്കാം. ഫ്യൂഡൽ വ്യവസ്ഥയുടെ കാരണക്കാരായ ആര്യൻമാർ തൊട്ട് പ്രത്യക്ഷ മർദ്ധനങ്ങൾ കോളനി വൽക്കരണത്തിന് അനിവാര്യമാണെന്ന് തെറ്റിദ്ധരിക്കപ്പെട്ട സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമകൾ വരെ സമൂഹത്തിൽ തീർത്ത രണ്ടാമത്തെ അവസ്ഥ മനസ്സിന്റെ വളർച്ചയെന്ന കാതലിനെ വളർത്തുന്നതിൽ മുഖ്യപങ്കു വഹിച്ചു. ഈ അവ്സ്ഥ ഒരുക്കികൊടുത്തവർക്കുനേരെയുള്ള അവകാശ സമരങ്ങൾക്ക് യുവതലമുറയെ വളർത്തിയെടുത്ത മാനസികമായ മുന്നേറ്റങ്ങൾ ചരിത്രത്തിനു മാത്രമായി അവശേഷിപ്പിക്കപ്പെട്ടിരിക്കുന്നു.

2) "Tradition" എന്ന വിഷയത്തെ ആസ്പദമാക്കി ടി.എസ്. ഇലിയറ്റ് പറഞ്ഞ ഒരു വസ്തുത ശ്രദ്ധിക്കാം; "The present is directed by the past, the past is alttered by the present'' സ്വാഭാവികമായും സംഭവിക്കേണ്ടതാണ് ആദ്യത്തേത്; വർത്തമാനകാലം നയിക്കപ്പെടേണ്ടത് കഴിഞ്ഞ കാലത്തിന്റെ

ഓർമ്മകളിലായിരിക്കണം. അത് സംഭവിക്കുമ്പോഴാണ് തെറ്റുകൾ തിരുത്തപ്പെടുക. എന്നാൽ പ്രത്യക്ഷമർദ്ദനങ്ങൾ, ആക്രമണങ്ങൾ തുടങ്ങിയ കൊളോണിയൽ സംസ്കാരങ്ങൾക്ക് തേയ്മാനം വന്നതിനുശേഷം പിന്നീടു സ്വീകരിക്കപ്പെട്ട മാർഗ്ഗം മാനസികമായ അടിച്ചമർത്തലാണ്. പ്രതികരിക്കേണ്ട യുവതലമുറയെ എങ്ങനെ ഒതുക്കി നിർത്താം ? It is a million doller question among the Global Managements. ചുറ്റുപാടുകൾ വികൃതമാവുമ്പോൾ മനസ്സ് ഉത്തേജിക്കപ്പെടരുത്. അതിനെ വഴി തിരിച്ചു വിടണം. അപ്പോൾ മനസ്സിനെ ആദ്യം തളച്ചിടണം. 'Cultural invasion' എന്ന പദത്തിന്റെ ഉദയവും ഈ വർത്തമാനകാലത്തിലാണ്. അതിർവരമ്പുകൾ ഭേദിക്കപ്പെട്ട് ഭൂമിയുടെ Northern Hemisphere- ലെ സാമ്പത്തിക ശക്തിയുടെ നേർക്ക് മറ്റുള്ളവരെ വലിച്ചു കൊണ്ടുപോവാൻ ആവിർഭവിച്ച ആഗോളവൽക്കരണമെന്ന ഉന്തുവണ്ടി സൃഷ്ടിക്കുന്ന ആകർഷകത്വം കൂടുതൽ ഫലവത്താവുന്നത് മായാവലയത്തിൽ അകപ്പെട്ടിരിക്കുന്ന യുവതലമുറയിലാണ്.

സാമ്രാജ്യത്വത്തെ അംഗീകരിക്കുന്നതരത്തിൽ ജർമ്മനിയിലും, ഇറ്റലിയിലും, പശ്ചിമേഷ്യൻ രാജ്യങ്ങളിലും അരങ്ങേറുന്ന യുവജന പ്രകടനങ്ങൾ വ്യക്തമാക്കുന്നത് ഒരു American sponsered youth-ന്റെ ഉൽപാദനത്തെയാണ് ഇത് തുടരുകയാണ്; ഇനിയുമൊരു സപ്തതി കൂടി ആഘോഷിക്കാനുള്ള സാധ്യത സാമ്രാജ്യത്വം വാർത്തെടുത്ത ഈ യുവതലമുറക്ക് അവശേഷിക്കുന്നു. അവകാശങ്ങൾ ഔദാര്യങ്ങളാണെന്നുള്ള തോന്നൽ. അതാണ് ഇന്നത്തെ തലമുറയുടെ മുഖമുദ്ര.


**"The future is the past itself, that coming through another gate"; ഇത് സത്യമാണോ എന്ന അന്വേഷണത്തിലൂടെ ഈ ചർച്ച അവസാനിപ്പിക്കാം. കഴിഞ്ഞകാലത്തിന്റെ ഒരു പുതിയ മുഖമാണോ നമ്മെ കാത്തിരിക്കുന്നത്? മാർഗം വ്യതിചലിച്ചാലും, മുഖങ്ങൾ മാറിമറിഞ്ഞാലും, അടിച്ചമർത്തുക എന്ന ലക്ഷ്യത്തിൽ നിന്നും വരും കാലം പിന്നോട്ടടിക്കില്ല. അതിനു കരുവാകേണ്ടത് യുവത്വം തന്നെ. ഇനിയുള്ള ദിവസങ്ങളിൽ 'യുവത്വം' എന്ന പദം നിശ്ശേഷം എടുത്തു മാറ്റപ്പെടും. യുവതലമുറയെ, യുവതലമുറയാക്കുന്നത് അവരുടെ ജീവസുറ്റ പ്രതികരണമാണെങ്കിൽ, ഇനി മനുഷ്യജീവിതത്തിലെ ഈ രണ്ടാംഘട്ടം നമുക്ക് തീർച്ചയായും നഷ്ടപ്പെടും.**



ശബ്ന വി.സി

**നമ്മൾ** എങ്ങിനെയായിരുന്നു, എങ്ങിനെയാണ്, എങ്ങിനെയായിരിക്കും എന്നത് ആസുരതകളുടെ വർത്തമാനകാലത്ത് വളരെയധികം ചിന്താർഹമാണ്. നമ്മൾ, യുവാക്കൾ എക്കാലവും സമൂഹത്തിന്റെ സുപ്രധാന ചാലക ശക്തി ആണല്ലോ? ഏതൊരു വ്യക്തിയും അനുകൂലവും പ്രതികൂലവുമായ തന്റെ സംഭാവനകൾ സമൂഹത്തിനും അതുവഴി രാഷ്ട്രത്തിനും ഏറ്റവും കൂടുതലായി സമർപ്പിക്കുന്ന ഘടകം യുവത്വത്തിന്റെ ഊർജ്ജമാണ്. കാലാകാലങ്ങളിൽ ഈ ഊർജ്ജത്തിന്റെ ചൂടിലും ചൂരിലും വന്ന മാറ്റം സമൂഹത്തിന്റെ അന്ത:സത്തയെ എങ്ങിനെ സ്വാധീനിച്ചുവെന്ന അന്വേഷണമാണിത്.

മനുഷ്യത്വത്തെ മൃഗീയതയിൽ നിന്നും വേർത്തിരിക്കുന്ന ദൈവീകമായ ഒരു വരദാനമാണ് 'സംസ്കാരം'. വിദ്യാഭ്യാസമാണ് സംസ്കാരത്തിന്റെ അളവുകോൽ എന്ന വിധിയെഴുത്ത് ശരിയാണെങ്കിൽ സ്വാഭാവികമായി ഇന്നത്തെ തലമുറയും വരും തലമുറയുമാണ് ഏറ്റവും അധികം സംസ്കാരസമ്പന്നരാകേണ്ടവർ. സാംസ്കാരികമായ അധ:പതനമാണ് ഇന്ന് സംഭവിക്കുന്നത്. വിദ്യാസമ്പന്നനാണ് സാംസ്കാരികമായി ഏറ്റവും ദുർബലൻ. സംസ്കാരമെന്നത്, ഒരു സാമൂഹിക ജീവിയായി ജീവിക്കേണ്ടതിന് മനുഷ്യൻ തന്നെ വളർത്തിയെടുക്കേണ്ട ഒന്നാണ്. വിദ്യാസമ്പാദനത്തിലൂടെ സാംസ്കാരികമായി ഉച്ചസ്ഥായിയിലെത്താനുള്ള സാഹചര്യങ്ങൾ മുമ്പത്തേക്കാളേറെ ഇന്നുണ്ടെങ്കിലും ആ രീതിയിൽ മുന്നോട്ടു പോകുന്നവരിൽ മിക്കാവാറും അന്ത:മായ പാശ്ചാത്യാനുകരണത്തോടെ നികൃഷ്ടതകളുടെയും അന്തസില്ലായ്മയുടെയും വഴികളിലാണെത്തുന്നത്. പഴയ തലമുറ സാംസ്കാരികാഭിവൃദ്ധി നേടിയിരുന്നത് കേവലം പുസ്തകങ്ങളിൽ നിന്നും മാത്രമായിരുന്നില്ല. സംസ്കാരമെന്ന പദത്തിന് തന്നെ വിദ്യാഭ്യാസമെന്ന അർത്ഥം



നൽകിയ തലമുറയാണ് നമ്മുടേത്.

സാമൂഹികമായ മൂല്യച്ച്യുതിയാണ് ഇന്നത്തെ ഏറ്റവും വലിയ നഷ്ടവും വിലാപവും. നേട്ടങ്ങളുടെ ലോകത്തേക്കുള്ള കുതിച്ചുചാട്ടങ്ങൾക്കിടയിൽ നാമെന്തൊക്കെയോ ചിലത് നേടുകയും കുറേയൊക്കെ നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വിലകൽപ്പിക്കേണ്ടതിനെ നാം കാണാതെ പോകുന്നു. നമ്മുടെ തനതായ സംസ്കാരത്തെ വെടിഞ്ഞ് പ്രകൃതിയേയും മാതാപിതാക്കളേയും ചൂഷണം ചെയ്ത് മറ്റെന്തിലൊക്കെയോ ആകൃഷ്ടരായിരിക്കുകയാണ് നാം. ജീവിതത്തെ ധാർമ്മികമായ ഒരു ഉത്തരവാദിത്തമായി കാണുന്നതിന് പകരം വെറുതെകിട്ടിയ എന്തോ ഒന്ന് ഉപയോഗിച്ച് തീർക്കുന്ന ലാഘവത്തോടെ ആഘോഷിച്ചു തീർക്കുകയാണ് പലരും. ഇന്നത്തെ തലമുറ പഴയ തലമുറയെ ചാടിക്കടന്ന് പോകുന്നെങ്കിൽ വരും തലമുറ ഈ തലമുറയെ ചവിട്ടിത്താഴ്ത്തിയായിരിക്കും കടന്നുപോവുക.

**നമ്മുടെ രാഷ്ട്രീയ അവസ്ഥക്കുണ്ടായ മാറ്റങ്ങൾ ഗൗരവപൂർവ്വം ചർച്ച ചെയ്യേണ്ടുന്ന മറ്റൊന്നാണ്. വർഗ്ഗീയതക്കും തീവ്രവാദത്തിനും വളമിട്ട് നനക്കുന്ന നമ്മുടെ നേതാക്കൾ അമ്പത് വർഷം കഴിഞ്ഞപ്പോൾ നാടിനെ നൂറുവർഷം പിന്നിലേക്കാണ് കൂട്ടിക്കൊണ്ടുപോയത്. പുരോഗതിയിലേക്ക് രാഷ്ട്രത്തെ നയിക്കേണ്ട യുവതയുടെ മസ്തിഷ്ക്കത്തിൽ വിഷം കുത്തി നിറക്കുകയും അവരെ വഴിമാറ്റി വിടുകയും ചെയ്യുന്നതിൽ ഒരു സുപ്രധാന പങ്ക് ഇന്നത്തെ രാഷ്ട്രീയത്തിനാണെന്നതിൽ സംശയമില്ല. തിരഞ്ഞെടുക്കാനുള്ള അവകാശം നമ്മുടെ കൈവെള്ളയിൽ തന്നെ ഉണ്ടായിട്ടും ദുർവിധിയെ അല്ലാതെ മറ്റൊന്നും തിരഞ്ഞെടുക്കാനാവുന്നില്ല നമ്മൾക്ക്.**

നിർമ്മാണാവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട നമ്മുടെ സാങ്കേതിക പുരോഗതിയും ആണവ പുരോഗതിയും നവീകരണാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. മനുഷ്യൻ പട്ടിണി കിടന്ന് മരിക്കേണ്ടിവരുന്ന രാജ്യത്ത് ഏറ്റവും കൂടുതൽ പണം നീക്കിവെക്കുന്നത് പ്രതിരോധത്തിന്! അന്ത:മായ പാശ്ചാത്യാനുകരണത്തോടെ ധൃതിയിൽ എന്തൊക്കെയോ നേടി നാം ഇവിടെ എത്തിയെങ്കിൽ എന്തിനേയൊക്കെയോ നാം നിരന്തരം ഭയപ്പെടേണ്ടിവരുന്നു എന്നത് ഒരു വലിയ സത്യമാണ്. സ്വാതന്ത്ര്യത്തെയോ? ആത്മാഭിമാനത്തെയോ? അതോ ജീവിതത്തെ തന്നെയോ? നേടേണ്ടവർക്ക് എന്നും നേട്ടങ്ങൾ മാത്രമാണുള്ളത്. അവർ ചിലതൊക്കെ നേടുമ്പോൾ മറ്റു ചിലർക്ക് എല്ലാം നഷ്ടമാകുന്നത് നാം അറിയുന്നില്ല. ആശയില്ലാത്തവർക്ക് വീണ്ടും വീണ്ടും ആശയില്ലാതാകുന്നു. ഇന്ന് അടിച്ചമർത്തപ്പെടുന്നവന്റെ രോദനത്തോട് മറുപടി പറയേണ്ടി വരുക വരും തലമുറയായിരിക്കും. അന്നത് താങ്ങാനുള്ള ശേഷി അവർക്ക് ഉണ്ടാകുകയുമില്ല.


ഈ രീതിയിലെല്ലാമാണ് പഴയ തലമുറയിൽ നിന്നുള്ള നമ്മുടെ പുരോഗമനമെങ്കിൽ 'പുരോഗമനമെന്ന' വാക്കിന് വിപരീത അർത്ഥമായിരിക്കും കൈവരുക.

ഇന്നത്തേത് വളം ചേർന്ന കനികൾ.

നാളെ, വളത്തിന്റെ മാത്രം ചുവയുള്ള കനികൾ...

ഇനി ഭൂതത്തിൽ നിന്നുമുള്ള വർത്തമാനത്തിന്റെ വളർച്ച സാങ്കേതിക കാര്യങ്ങളിലായിരിക്കും.....

അതായത്..... തലയോട്ടിക്കകത്ത് ഒതുങ്ങാത്ത തരത്തിൽ തലച്ചോറുകൾ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഹൃദയങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു.



ഫാറൂഖ് കോളേജ് മലയാള വിഭാഗം തലവനും സാംസ്കാരിക വിമർശകനുമായ **ശ്രീ. കെ.ഇ.എന്നുമായി** മാഗസിൻ സമിതി അംഗം **നിസി ശിവദാസ്** നടത്തിയ **അഭിമുഖത്തിൽ** നിന്ന്.

ഒടുവിൽ നാം വർത്തമാന കാലത്തിന്റെ ഭീകരതകൾ തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു. ഇരകളാണെന്ന അറിവ് പക്ഷേ നമ്മിൽ പ്രതീക്ഷിച്ചത്ര ചലനങ്ങൾ സൃഷ്ടിക്കുന്നില്ല. തുടർന്നും നാം ഏതോ വർണ്ണപ്പകിട്ടിൽ ഭ്രമിച്ചും സുഖാലസ്യത്തിൽ മുഴുകിയും സന്തോഷവാൻമാരെന്ന വ്യാജേന കഴിയുന്നു. നാം ചിരിക്കുമ്പോഴും സത്യത്തിൽ നമ്മുടെ ഉള്ളം ഒരായിരം തവണ കരയുന്നു. കുതിക്കുമ്പോഴും ഒരായിരം തവണ നാം കാലിടറി വീഴുന്നു, ഒരു വാക്കു പറയാൻ പോലും നാം ഒരായിരം തവണ വിക്കുന്നു. കുനിഞ്ഞ് കുനിഞ്ഞ് നമ്മുടെ നട്ടെല്ല് നിവർന്ന് നിൽക്കാൻ മറന്നിരിക്കുന്നു.

**കേരളത്തിന്റെ** വർത്തമാനകാല അസ്വസ്ഥതകൾ പേറുന്ന യുവസമൂഹത്തെക്കുറിച്ച് ശ്രീ.കെ.ഇ.എന്നിനോട്....

**? സാർ, നമ്മുടെ ഇന്നലെകളെപ്പറ്റി....?**

* കുറച്ചുകാലം മുമ്പുവരെ കേരളത്തെ പരാമർശിക്കുമ്പോൾ നമ്മൾ 'ഐക്യകേരളം' എന്ന വാക്കായിരുന്നു ഉപയോഗിച്ചിരുന്നത്. നമ്മുടെ ഇടയിൽ വേണ്ടത്ര ഐക്യം സുദൃഢവും സാധ്യവുമാവും മുമ്പേ ആ വാക്ക് നാം പാടേ ഉപേക്ഷിച്ചു. ഇന്നു വീണ്ടും 'ഐക്യകേരള'മെന്നു തന്നെ ഉപയോഗിക്കേണ്ടതായി വരുന്നു. പ്രാഥമികർത്ഥത്തിൽ മലയാള ഭാഷയായിരുന്നു വേറിട്ടു നിന്ന നമ്മെ ഏകീകരിച്ചത്.

**? ഏകീകരിക്കപ്പെട്ട നാം ഇത്രവേഗത്തിൽ അകലാൻ കാരണം ?**

* കേരളത്തിൽ മലയാളം നിർദയം തിരസ്ക്കരിക്കപ്പെട്ടിരിക്കുന്നു. സൂക്ഷ്മതലത്തിൽ ആശയവിനിമയമാകെ തന്നെ അട്ടിമറിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഉള്ളു തുറന്നു സംസാരിക്കാൻ പോലും നാമിന്നു പ്രയാസപ്പെടുന്നു. ഉള്ളുതുറന്ന് സംസാരിക്കണമെങ്കിൽ ആദ്യം ഒരു ഉള്ളുവേണമല്ലോ? അതിപ്പോഴൊരു പൊത്താണ്. കേരളീയർ സംസാരിക്കുമ്പോൾ തകരപ്പാത്രത്തിൽ മുട്ടുന്ന ഒരു ശബ്ദം, അത്രമാത്രം. ഒന്ന് രണ്ട് ഹലോകൾ, "എന്തോക്കെയുണ്ട്", "സുഖമല്ലേ", എല്ലാം അവിടെ അവസാനിക്കുന്നു!

**? അതായത് നമ്മുടെ സംഭാഷണം പോലും നമ്മെ വിലയിരുത്താൻ സഹായിക്കുന്നുവെന്നാണോ?**

* അതെ, സൂക്ഷ്മാർത്ഥത്തിൽ നാം നടത്തുന്നത് സഫലമായ സംഭാഷണമല്ല. ആരോ എറിഞ്ഞുതന്ന മൃതമോ മൃദുലമോ ആയ വാക്കുകളിൽ നാം നമ്മുടെ സംഭാഷണം തുടങ്ങുകയും ഒടുവിലതിൽ ഒടുങ്ങുകയും ചെയ്യുന്നു. ആരോ കോറിയിട്ട വാക്കുകളിൽ നാം നമ്മുടെ സ്നേഹം കൈമാറുകയും കൈപറ്റുകയും ചെയ്യുന്നു. സംഭാഷണങ്ങൾ നമ്മിൽ പുതിയ ഊർജ്ജം ഉത്പാദിപ്പിക്കുന്നില്ല. എല്ലാവർക്കും എല്ലാവരെയും അറിയും. ആർക്കും ആരെയും ശരിക്കറിയില്ല.

**? സംഭാഷണത്തിലെ കാപട്യം അതായത് ആശയവിനിമയം സമ്പൂർണ്ണമാകാത്ത സംഭാഷണം-ഇതുമാത്രമാണോ കേരള യുവാക്കളെ അട്ടിമറിച്ചത്?**

* ഇതുമാത്രമല്ല, സൂക്ഷമവും സമഗ്രവുമായ സംഭാഷണങ്ങളുടെ അഭാവം നമ്മുടെ കൂട്ടായ്മയെ തന്നെ ആസാധ്യമാക്കുന്നൊരവസ്ഥ സൃഷ്ടിച്ചു. ഇന്ന് നവോത്ഥാനം പുനരുത്ഥാനമായി പരിണമിച്ചിരിക്കുന്നു. കൂട്ടായ്മകളും സംഘടനകളും നാടിന്റെ നന്മകൾക്കും വികസനങ്ങൾക്കും വിരുദ്ധമാണെന്ന നുണ പ്രചാരങ്ങൾ ശക്തിയാർജിച്ചിരിക്കുന്നു. ഇന്ന് സംഘടിക്കുന്നതാണ് ക്രിമിനൽ കുറ്റം.

പഴയതിനെ തന്നെ വീണ്ടും വീണ്ടും അനുകരിച്ച് മിമിക്രിക്കാരെപോലെ നമ്മളും കയ്യടി നേടുന്നു. ഇത് ജീവിതം തന്നെ മിമിക്രിയായി മാറുന്ന സ്ഥിതി വിശേഷത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നു. വർത്തമാനത്തിൽ നിന്ന് ഭാവിക്ക് ഒരു ഹസ്തദാനം ചെയ്യുന്നതോടൊപ്പം വർത്തമാനത്തിൽ നിന്നു കൊണ്ടു തന്നെ ഭൂതത്തോടും സംവദിക്കാൻ നമുക്ക് കഴിയണം. അതായത് വർത്തമാനത്തിൽ നിന്നു കൊണ്ട് തന്നെ ഭൂതത്തിലേക്ക് തിരിഞ്ഞ് നോക്കാൻ നമുക്കാവണം.

**? ഭൂതത്തോട് സംവദിക്കുമ്പോൾ വർത്തമാനകാലത്തിലെ യുവാക്കൾ അലസരാകില്ലേ.....?**

* കഴിഞ്ഞകാലങ്ങളിൽ എല്ലാം നമുക്കായി ഒരുക്കപ്പെട്ടിരുന്നു എന്നുള്ളത് ഒരു മിഥ്യാബോധമാണ്. സത്യത്തിൽ ഓരോ മനുഷ്യരും അവരവരുടെ ജീവിതം സ്വയം നിർമിക്കുക തന്നെവേണം. നിർമ്മാണ പ്രക്രിയകളിൽ നിന്നും പിന്തിരിയുന്നതാണ് കേവലമായ അനുകരണത്തിനു കാരണം.

**? ഈ അനുകരണം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ....?**

* നമുക്ക് ഒന്നും തന്നെ ഭാവിയോട് പറയാനില്ല എന്ന അവസ്ഥ ഈ അനുകരണങ്ങൾ മൂലം സംജാതമായിരിക്കുന്നു. വർത്തമാനത്തിലെ പിറുപിറുക്കലുകളായിത്തീർന്നിരിക്കുന്നു എല്ലാം. വർത്തമാനകാലത്തിന്റെ സുഖത്തിനും സൗകര്യത്തിനുമായി നാം വ്യവസ്ഥകളോടെ; അവ എത്രതന്നെ അപകടകരവും ഭീകരവുമായാലും പൂർണ്ണമായും പൊരുത്തപ്പെടുന്നു. ഇന്ന് യുവാക്കൾ ഉപയോഗിക്കുന്ന ആവേശകരമായ വാക്കുകളിൽ ഒന്നാണല്ലോ 'അടിച്ചുപൊളിക്കുക' എന്നത്. ഇത്തരം അടിച്ചുപൊളികൾ തന്നെ ഭാവിയെക്കുറിച്ച് ചെറിയ തോതിൽ പോലും ആലോചിക്കാതെ ഇന്നിനെപ്പറ്റി മാത്രം സ്വപ്നം കണ്ട് ആഹ്ലാദിച്ച് നടക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

**? സർ, ഇന്ന് എല്ലാം ആഘോഷപൂർവ്വമാണല്ലോ? ആഘോഷങ്ങൾ ലഹരിയായി മാറുന്നതിനെ കുറിച്ച്....?**

* ലഹരി നമ്മുടെ ഉള്ളിൽ തന്നെ ഉത്പാദിപ്പിക്കപെടേണ്ട ഒന്നാണ്. വേണ്ടത്ര ലഹരി ഉള്ളിൽ നിന്നും സ്വയം ഉത്പാദിപ്പിക്കാൻ കഴിയാതെ വരുമ്പോഴാണ് പലരും പുറത്തുനിന്ന് ലഹരി സ്വീകരിക്കുന്നത്. ഇന്ന് പലർക്കും ജീവിക്കാനുള്ള ലഹരിയിലല്ല സംതൃപ്തി, പകരം ലഹരിക്കായി ജീവിക്കുന്നതിലാണ്. അപകടകരമായ ബാഹ്യലഹരി സ്വീകരിക്കുന്നതിനു പകരം നാം സ്വന്തം ആന്തരികലഹരി ഉത്പാദിപ്പിക്കേണ്ടിയിരിക്കുന്നു.

ജീവിതം തന്നെയാണ് ആഘോഷിക്കപ്പെടേണ്ടത്. അടിക്കേണ്ടതിനെ ആശ്ലേഷിക്കാനും, ആശ്ലേഷിക്കേണ്ടതിനെ അടിക്കാനും ആധിപത്യം വഹിക്കുന്ന 'അടിപൊളി' നമ്മെ പ്രേരിപ്പിക്കുന്നു. സ്വന്തം അവബോധം തന്നെയാണ് ആഘോഷിക്കപ്പെടേണ്ടത്. സത്യത്തിൽ ഇന്ന് ആഘോഷങ്ങൾക്ക് കമ്പോളം ഒരു ഇക്വേഷൻ നൽകുന്നു, രണ്ട് കുപ്പി പൊട്ടിച്ച് ഒരു സുന്ദരിയുമൊത്ത് തട്ടുപൊളിപ്പൻ പാട്ടിനു നൃത്തം ചവിട്ടലാണെന്നും മറ്റും.

**ആഘോഷം കലണ്ടറിലെ ഒരു ചുവന്ന അക്കമല്ല. കമ്പോളത്തിലെ വിൽപന ചരക്കുകളിലൊന്നായി ആഘോഷം മാറാതിരിക്കാൻ നാം ജാഗ്രത പാലിക്കണം.**

**? ആന്തരിക ലഹരി ഉത്പാദിപ്പിക്കാൻ എന്തുവേണം?**

* ഇത്തരം ലഹരി ഉത്പാദിപ്പിക്കപ്പെടണമെങ്കിൽ നമുക്ക് കൂടുതൽ കൂടുതൽ ബന്ധങ്ങൾ വേണം. അതിന് ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം. നമ്മൾ തന്നെയാണ് ജനങ്ങളെന്ന് സ്വയം ആഴത്തിൽ അനുഭവിച്ചറിയണം. മനുഷ്യരുടെ ദു:ഖങ്ങൾ, അഭിമാനങ്ങൾ, ആശങ്കകൾ, സന്തോഷങ്ങൾ തുടങ്ങിയവ നേരിട്ടറിയണം. അപ്പോൾ നമ്മളും ജീവിക്കാൻ കെൽപ്പുള്ളവരാകും. തന്നിൽ മാത്രം ഒതുങ്ങി നിൽക്കുന്ന വ്യക്തി കടുത്ത പ്രതിസന്ധിയിൽ തലകറങ്ങി വീഴുക തന്നെ ചെയ്യും. സമൂഹത്തിൽ നിന്നും പിൻവാങ്ങി തന്നിൽ മാത്രം ഒതുങ്ങുന്നവരാണ് സത്യത്തിൽ സാമ്രാജ്യത്വത്തിന്റെ വലയിൽ വീഴുന്ന ആദ്യ ഇര. ഇതിന്റെ തുടർച്ചയായി ആത്മഹത്യകൾ പോലും സംഭവിക്കാം.

**? വർത്തമാനകാലത്തിൽ അസ്വസ്ഥ മനസ്സുകൾക്കുടമയായ യുവാവ് ഒടുവിൽ ആശ്വാസം കണ്ടെത്തുന്നത് ആത്മഹത്യയിലാണ്. വർദ്ധിച്ചുവരുന്ന ആത്മഹത്യാ നിരക്കുകൾ സൂചിപ്പിക്കുന്നത് ഇതല്ലേ സാർ?**

* ആധുനിക സാമ്രാജ്യത്വ ശക്തികൾ സമർത്ഥമായി വിരിച്ച വലയിൽ രക്ഷപ്പെടാനാവാത്ത വിധം കുടുങ്ങിയ ഇരയാണ് താനെന്ന തിരിച്ചറിവ് വർത്തമാനകാല യുവാവിനെ ഒരു പക്ഷെ ആത്മഹത്യയിലേക്ക് പ്രേരിപ്പിച്ചേക്കും. മനുഷ്യമനസ്സ് സജീവവും ജനനിബിഡവുമായ സ്ഥലമാണ്. മനസ്സിൽ നിന്നും ജനങ്ങൾ ഇറങ്ങിപ്പോയാൽ ആ മനസ്സ് ജനരഹിതമായിത്തീരും. ഇതോടെ താൻ ഒറ്റപ്പെട്ടുവെന്ന തോന്നൽ അവരിൽ ഉടലെടുക്കും. ഈ അവസ്ഥ അവരിൽ മറ്റൊരു മാനസികാവസ്ഥ സൃഷ്ടിക്കും. ജീവിത നിഷേധിയായ മനുഷ്യനെ സൃഷ്ടിക്കാൻ തന്നെ ഇതുകാരണമാകും. മനസ്സിന്റെ ആർദ്രത ജീവിതത്തോട് ആഭിമുഖ്യം കൂടും തോറും കൂടിക്കൊണ്ടിരിക്കും.

**? അപ്പോൾ ബന്ധങ്ങളിൽ വന്ന അപചയമാണോ ഇന്നത്തെ യുവാവിനെ നിരാശനാക്കുന്നത്?**

* സാമൂഹ്യബോധം സജീവമാകുമ്പോഴാണ് ബന്ധങ്ങൾ സാന്ദ്രമാകുന്നത്. മറ്റുള്ളവരിൽ നിന്നുള്ള ഒഴിഞ്ഞുപോക്കാണ് ഇപ്പോൾ വ്യക്തികൾക്കിടയിൽ സംഭവിക്കുന്നത്. ഇത്തരം ഒരു പിൻമടക്കം തടയാനുള്ള ബോധതാൽപര്യങ്ങളാണ് പരസ്പര ബന്ധങ്ങളിൽ നിന്നും ഉണ്ടാകേണ്ടത്. ഗ്ലോബലൈസേഷൻ ജനത, ഭാഷ, വർഗം, മനസ്സ്, മണ്ണ് എന്നിവയിൽ നിന്നും മനുഷ്യരെ പറിച്ചെടുത്ത് മാർക്കറ്റിലേക്ക് വലിച്ചെറിയുന്നു. ലാഭത്തിനനുസരിച്ച് മൂലധനശക്തികൾ ആഗ്രഹിക്കുന്നിടത്ത് അത് മനുഷ്യരെ മാറ്റിപ്രതിഷ്ഠിക്കുന്നു.

**? സാർ, ഇവിടെയുള്ള ഓരോരുത്തരും ഇരകളാണെന്നു ഞങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. വർത്തമാനകാല യുവാവിന്റെ അസ്വസ്ഥതകളെപ്പറ്റി പറയാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നത് ഈ തിരിച്ചറിവാണ്......**

അസ്വസ്ഥതകൾ പ്രധാനമായും രണ്ടു വിധമുണ്ട്. നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതിയോട് എതിർപ്പ് പ്രകടിപ്പിക്കാനുള്ള കഴിവ് (ഊർജ്ജം) സ്വയം ഉത്പാദിപ്പിക്കപ്പെടുമ്പോഴുള്ള അസ്വസ്ഥതയാണ് ഒന്ന്. ഇത്തരമൊരസ്വസ്ഥത പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നിങ്ങൾ ഇപ്പോൾ ചെയ്യുന്നതും ഇത്തരം ഒരു അസ്വസ്ഥത നിങ്ങളിൽ ഉടലെടുത്തതുകൊണ്ടാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഉണർവിന്റെ 'താള'മാണ് ഉത്കണ്ഠ. അത് സാന്ത്വന ചികിത്സ നിർവഹിച്ചും ഗുളിക വിഴുങ്ങിയും ഉൻമൂലനം ചെയ്യപ്പെടേണ്ടതല്ല. നിലനിൽക്കുന്ന നിയമങ്ങൾ വരിഞ്ഞുമുറുകുമ്പോൾ അതിനെതിരെ ഒന്നിനും കഴിയില്ലല്ലോ എന്ന ചിന്തയിൽ നിന്നും നിർഗളിക്കുന്ന അസ്വസ്ഥത ആത്മഹത്യയിൽ ആശ്വാസം കണ്ടെത്താനും ലഹരികളിൽ ആവേശം കണ്ടെത്താനും യുവത്വത്തെ പ്രേരിപ്പിക്കുന്നു. ഇത് തിരുത്തപ്പെടേണ്ടതാണ്.